**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3474** **26-10-2021 - ൽ മറുപടിയ്ക്ക്**

**കൃഷി അസിസ്റ്റന്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ ആണ് നിലവിലുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | കൃഷി അസിസ്റ്റൻറ് തസ്തികയിൽ 178 ഒഴിവുകളാണ് നിലവിലുളളത്. ഭിന്നശേഷി വിഭാഗക്കാർക്കായി സംവരണംചെയ്തിട്ടുള്ള 21 ഒഴിവുകൾ ഒഴികെ 157 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പി.എസ്.സി യിൽ നിന്നുള്ള നിയമന ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റൻറ് തസ്തികയുടെ റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെന്ന് (NAC) പി.എസ്.സി.യിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാറ്റിവച്ചിട്ടുള്ള 21 ഒഴിവുകളിൽ പി.എസ്.സി യിൽ നിന്നുള്ള നിയമന ശുപാർശ ലഭിക്കുന്നത് പ്രകാരം എല്ലാ ഒഴിവുകളും നികത്തുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ